**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 75          23-01-2018 -ൽ മറുപടിക്ക്

## ഓഖി ദുരന്തത്തെ തുടർന്ന് ചെല്ലാനം പഞ്ചായത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | ഓഖി ദുരന്തത്തെ തുടർന്ന് കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) | ഓഖി ദുരന്തത്തെ തുടർന്ന് കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിൽ 58,00,000/- (അമ്പത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) | ഇതനുസരിച്ച് എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; | ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും എറണാകുളം ജില്ലയിൽ ആകെ 8540 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വീതം ആകെ 1,70,80,000/- (ഒരു കോടി എഴുപത് ലക്ഷത്തി എൺപതിനായി രൂപ മാത്രം) രൂപയും കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനായി തിരച്ചിൽ നടത്തുന്നതിന് 1,04,00,000/- (ഒരു കോടി നാല് ലക്ഷം രൂപ മാത്രം) രൂപയും ഫിഷറീസ് വകുപ്പിന് നൽകിയിട്ടുണ്ട്. അടിയന്തിര സാഹചര്യം നേരിടുന്നതിന് 15 ലക്ഷം രൂപ കൊച്ചി തഹസീൽദാർക്കും, ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി അടിയന്തിര സാഹചര്യം നേരിടുന്നതിന് 2.5 ലക്ഷം രൂപ ജില്ലാ മെഡിക്കൽ ഓഫീസർക്കും 1 ലക്ഷം രൂപ ഫിഷറീസിനും, 3,44,350/- രൂപ ശുചിത്വമിഷനും 1,48,900/- രൂപ തഹസീൽദാർമാർക്കും അനുവദിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| സി) | പ്രഖ്യാപിച്ച സഹായധനം ഇനിയും ലഭിച്ചിട്ടില്ലെന്ന് ആരെങ്കിലും പരാതി നൽകിയിരുന്നോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാ ക്കുമോ? | സി) | നിലവിൽ പരാതികളൊന്നും ലഭിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല |

സെക്ഷൻ ഓഫീസർ